85

നം.സി2/18729/2017

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം-695 004
ഫോൺ : 0471-2445749, 2445799
e-mail:dairydirector05@yahoo.co.in
dddtvm@gmail.com
തീയതി : 21/10/2017

# സർക്കുലർ നം. 26/2017

വിഷയം :- ക്ഷീര വികസന വകുപ്പ് - ജല സംരക്ഷണ പ്രവർത്തനങ്ങൾ - ക്ഷീരസഹകരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നത് - നിർദ്ദേശം പുറപ്പെടുവിക്കുന്നു.

കേരളം മുൻവർഷങ്ങളെ അപേക്ഷിച്ച് കടുത്ത ശുദ്ധജലക്ഷാമം ഓരോ വർഷവും അനുഭവിച്ചുവരികയാണല്ലോ. മഴ ലഭ്യത കുറയുകയും ജലം ഉപയോഗിക്കുന്നതിൽ നിയന്ത്രണം ഇല്ലാതാകുകയും ചെയ്യുന്നതുമൂലം ശുദ്ധജല ലഭ്യതയിൽ കുറവ് വരുന്നുണ്ട്. കൂടാതെ പാൽ കൈകാര്യം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾക്ക് വളരെ അധികം ശുദ്ധജലം ആവശ്യമായിട്ടുമുണ്ട്. എന്നാൽ ലഭ്യമാകുന്ന മഴവെള്ളത്തിന്റെ വിനിയോഗത്തിൽ നാം വളരെ പിറകിലുമാണ്. ഇത് ശുദ്ധജല ലഭ്യത കുറയ്ക്കുന്നതിന് കാരണമാകുകയും ചെയ്യുന്നുണ്ട്. ആയതിനാൽ ജലസംരക്ഷണത്തിന്റെ ഭാഗമായി മഴവെള്ളസംഭരണം ക്ഷീരസഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുന്നത് ഉചിതമാകുമെന്ന് കാണുന്നു. സ്വന്തമായി വസ്തുവും കെട്ടിടവുമുള്ള ക്ഷീരസഹകരണ സംഘങ്ങൾ മഴവെള്ളസംഭരണി നിർമ്മിക്കുന്നതിനോ വാങ്ങുന്നതിനോ നിർദ്ദേശം നൽകുന്നതിനൊപ്പം ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി ക്ഷീരസഹകരണ സംഘങ്ങളുടെ പൊതുനന്മാഫണ്ടിൽ നിന്നും ജില്ലാ രജിസ്ട്രാറുടെ അനുമതിയോടെ തുക വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നു. പുതിയതായി കെട്ടിടം നിർമ്മിക്കുന്ന ക്ഷീരസഹകരണ സംഘങ്ങൾ മഴവെള്ളസംഭരണി നിർമ്മിക്കുന്നതിനുള്ള പ്ലാനും കെട്ടിട നിർമ്മാണ പ്ലാനിനും എസ്റ്റിമേറ്റിനും ഒപ്പം ഉൾപ്പെടുത്തേണ്ടതുമാണ്.

എബ്രഹാം.ടി.ജോസഫ്
ക്ഷീരസഹകരണ സംഘം രജിസ്ട്രാർ/
ഡയറക്ടർ

എല്ലാ ക്ഷീരസഹകരണ സംഘങ്ങൾക്കും

പകർപ്പ് :

1) എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2) എല്ലാ ക്ഷീരപരിശീലനകേന്ദ്രം പ്രിൻസിപ്പാൾമാർക്കും
3) സൂപ്രണ്ട്, സ്റ്റേറ്റ് ഫോഡർ ഫാം
4) ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
5) ഡയറക്ടറുടെ മേശപ്പുറത്ത്
6) സി, ജി, ഡി, IW സെക്ഷനുകൾക്ക്
7) ടെക്നിക്കൽ സെൽ, പ്രോജക്ട് സെൽ
8) സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (വകുപ്പ്തല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9) ശേഖര സഞ്ചയം
10) സഞ്ചയം

N.23.10.17